കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-2018

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.12/1780/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ ജില്ല,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698
തീയതി: 10.12.2018

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന),

ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: ചെറുകുന്ന് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്‌രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.12/1780/2018 തീയ്യതി: 10.12.2018

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 31.8.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ബി സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 03.09.2018 മുതൽ 07.09.2018 വരെ<br>10.09.2018 മുതൽ 14.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | 1.ശ്രീ.സത്യാനന്ദൻ സി.വി,ഓഡിറ്റ് ഓഫീസർ |
| | | 2.ശ്രീ.ലീലാകൃഷ്ണൻ.എൻ.എം.<br>(അസി.ഓഡിറ്റ് ഓഫീസർ) |
| | | 3.ശ്രീമതി. റീന. പിട്ടൻ,<br>(അസി.ഓഡിറ്റ് ഓഫീസർ) |
| | | 4.ശ്രീമതി. സബിത.കെ. (ഓഡിറ്റർ) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.കെ.അസ്സൻകുഞ്ഞി മാസ്റ്റർ | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.പി.ബാലൻ | 01-04-2017 മുതൽ 01-07-2017 വരെ |
| | ശ്രീ.എം.പ്രദീപൻ | 02-07-2017 മുതൽ 03-07-2017 വരെ |
| | ശ്രീ.കെ.ബി.ഷംസുദ്ദീൻ | 04-07-2017 മുതൽ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.രാഖി.കെ | 01-04-2017 മുതൽ 31-3-2018 വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി.രേഖ.എം | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ | അബ്ദുൾ ഹക്കിം.ടി | 01-04-2017 മുതൽ 05-10-2017 വരെ |
| | സ്മിത.പി | 06-10-2017 മുതൽ 22-10-2017 വരെ |
| | ബിന്ദു.എം.പി | 23-10-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | കൃഷ്ണേന്ദു മോഹൻ | 01-04-2017 മുതൽ 08-05-2017 വരെ |
| | രശ്മി.പി.ആർ | 09-05-2017 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.അമൂല്യാഭാർഗ്ഗവൻ | 01-04-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശാർങ്ഗധരൻ.എം | 01-04-2017 മുതൽ 18-06-2017 വരെ |
| | എം.പ്രദീപൻ | 19-06-2017 മുതൽ 31-03-2018 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ആശാബാലൻ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | ഡോ.ബേബി സുഭദ്ര | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ | എൻ.വി.ദിനേഷ് ബാബു | 01-04-2017 മുതൽ 01-06-2017 വരെ |
| | രമാവതി.കെ | 02-06-2017 മുതൽ 31-03-2018 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫീഷറീസ് | ആഷിക്ക് ബാബു | 01-04-2018 മുതൽ 31-03-2018 വരെ |
| ക്ഷീര വികസന ഓഫീസർ | ബിജേഷ് | 01-04-2018 മുതൽ 31-03-2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1- പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-12 |
| | ഭാഗം 2-വരവ് കണക്കുകളിൻമേലുള്ളഓഡിറ്റ്നിരീക്ഷണങ്ങൾ | |
| 13 | ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല. | 2-1 |
| 14 | പഞ്ചായത്ത് ബൈലോ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-2 |

| | | |
|---|---|---|
| 15 | ഇ-ടെണ്ടർ വരവ് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നില്ല | 2-3 |
| | ഭാഗം3-ചെലവ്കണക്കുകളിൻമേലുള്ളഓഡിറ്റ്നിരീക്ഷണങ്ങൾ | |
| 16 | സ്ട്രീറ്റ് ലൈറ്റ്-വൈദ്യുതി ഉപഭോഗം കണക്കാക്കുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-1 |
| 17 | സബ്സിഡി തുക അധികം നൽകി : 1200/-രൂപ നിരാകരിക്കുന്നു | 3-2 |
| 18 | കല്ലുമ്മക്കായ കൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകം-<br>. | 3-3 |
| 19 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ-<br>പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 3-4 |
| 20 | എല്ലാ വരവ് ചെലവ് കണക്കുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. | 3-5 |
| 21 | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-6 |
| 22 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ –<br>വാല്വേഷനിൽ കൂടുതൽ തുക അനുവദിച്ചു | 3-7 |
| 23 | അങ്കണവാടി പ്രവർത്തനാവലോകനം | 3-8 |
| 24 | പാലിയേറ്റിവ് പരിചരണം അവലോകനം | 3-9 |
| | ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |

| | | |
|---|---|---|
| 25 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിര നിക്ഷേപം | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 32 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ | 4-10 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 36 | Receipt And Payment Statement | അനുബന്ധം-2-1 |
| 37 | Income and Expenditure Statement | അനുബന്ധം-2-2 |
| 38 | Balance Sheet | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27-03-2017-ലെ തീരുമാനം നമ്പർ 68/17 പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 27,64,590 |
| വരവ് | 7,56,56,000 |
| ആകെ | 7,84,20,590 |
| ചെലവ് | 7,33,91,000 |
| നീക്കിയിരിപ്പ് | 50,29,590 |

1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കാൻ നടപടിയെടുക്കേണ്ടതാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണമെന്ന് 1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ്-1(എ) 1 നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആദ്യ ആഴ്ച കഴിഞ്ഞതിന് ശേഷം (25-03-2017-ൽ) മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. ബജറ്റ് 27-03-2017 തീയതിയിലെ 68/2017 തീരുമാന പ്രകാരം ഭരണസമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഉപവകുപ്പ് -1(എ) 7 പ്രകാരം ബജറ്റിന്റെ പകർപ്പ് ഓഡിറ്റിന് അയച്ചു കൊടുക്കേണ്ടതാണെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന സമിതി എന്ന നിലയിൽ വകുപ്പ് 162 -ബി പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റിയറിംഗ് കമ്മിറ്റി

മേൽ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും. പുതുക്കിയ ബജറ്റ് 13-03-2018-ന് തീരുമാനം 12/18 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 2-05-2018 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 04.07.2018, 05.07.2018 | കെഎസ്എ/കെഎൻആർ സി.12/ 1158/2018 തീയതി 17-08-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 45,58,219.89 |
| വരവ് | 3,59,15,244.00 |
| ആകെ | 4,04,73,463.89 |
| ചെലവ് | 3,88,81,032.00 |
| നീക്കിയിരിപ്പ് | 1,59,2431.89 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-<br>ജനറൽ<br>(ACR പ്രകാരം) | | 7635000 | 7635000 | 7012688 | 622312 |
| വികസന ഫണ്ട്-<br>എസ്.സി.പി<br>(ACR പ്രകാരം) | | 2964273 | 2964273 | 2964273 | |
| വികസന ഫണ്ട്-<br>ടി.എസ്.പി<br>(ACR പ്രകാരം) | | 26989 | 26989 | - | 26989 |
| മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം) | | 4965626 | 4965626 | 2893824 | 2071802 |
| മെയിന്റനൻസ്,<br>നോൺ-റോഡ്<br>(ACR പ്രകാരം) | | 2260936 | 2260936 | 1887305 | 373631 |
| സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 4534166 | 4534166 | 2814726 | 1719440 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 950358 | 950358 | 664764 | 285594 |
| സാക്ഷരത | | 20722.50 | 1049.00 | 21771.50 | 0 | 21771.50 |
| ദുരിതാശ്വാസനിധി | | 15279.00 | 32083.00 | 47362.00 | 42000 | 5362 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 6679728 | 6679728 | 6679728 | |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 1135 | 488864 | 489999 | 488425 | 1574 |
| ഐ.സി.ഡി.എസ് | | 364885 | 129901 | 494786 | 32640 | 462326 |
| ടിഎസ്ഇ | | 0 | 25000 | 25000 | 700 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | | 339150 | 0 | 339150 | 0 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| യു.എ.എസ്. | | 0 | 20880 | 20880 | 20880 | |
| കേരളോത്സവം | | 582 | | 582 | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1542500 | 1542500 | 1227383 | |
| | ജില്ലാ പഞ്ചായത്ത് | 751058 | 1069500 | 1820558 | 1069500 | |
| ബി ഫണ്ട് | തൊഴിലില്ലായ്മ വേതനം | | 20880 | 20880 | 20880 | |
| | വിധവകളുടെ പെൺമക്കൾ ക്കുള്ള ധനസഹായം | | 240000 | 240000 | 240000 | |
| | നെൽകൃഷി ക്കുള്ള കൂലിചെലവ് | | 100000 | 100000 | 100000 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2603376.39 | 5207896 | 8014362.39 | 6775316 | 1239046 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 1643301 | 5820000 | 7463301 | 94058 | 7369243 |
| മറ്റിനം | | | | | | |

വികസന ഫണ്ട്, മെയ്ന്റനൻസ് ഫണ്ട്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, കെ.എൽ.എസ്.ജി.ഡി.പി. എന്നീ ഫണ്ടുകള അതാത് ധനകാര്യ വർഷത്തിൽ തന്നെ പൂർണ്ണമായും ഉപയോഗിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബാലൻസ് തുക ലാപ്സാകുന്നതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 92 | 3,78,75,655 | 78 | 2,61,38,535 | 12 | 2 | 84.78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) (പ്രൊജക്റ്റ് നം. 94/18), അടങ്കൽ 12,00,000 (കേന്ദ്രാവിഷ്കൃത ഫണ്ട് – 10,75,000, തനത് ഫണ്ട്- 1,25,000).

1994 ലെ കേരള പഞ്ചായത്ത് രാജ് പട്ടിക 3 ൽ ഗ്രാമപഞ്ചായത്ത് അനുവർത്തിക്കേണ്ട ചുമതലകളെ പറ്റി വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതു പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളായി ഏൽപ്പിച്ചു കൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ (2017-22) ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)നം.72/തസ്വഭവ,തീ. 29.03.17) ഉത്തരവിലെ അനുബന്ധം ഖണ്ഡിക 2 ൽ പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം മുതൽ നടത്തിപ്പ് വരെയുള്ള ഒമ്പത് ഘട്ടങ്ങൾ പരിശോധിച്ചതിന്റെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1.ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ

(എ) ആസൂത്രണ സമിതി

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ, വികസന രേഖ തയ്യാറാക്കൽ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും 16-01-2017ന് മുമ്പായി രൂപീകരിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. 20-01-2017 തീയതിയിലെ 17/2017(2) നമ്പർ തീരുമാന പ്രകാരം 16 അംഗ ആസൂത്രണ സമിതിയും തീരുമാനം നമ്പർ 17/2017(3) പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്. ചെറുകുന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗതീരുമാനം അനുസരിച്ച് 20-1-2017ന് ആസൂത്രണസമിതി രൂപീകരിച്ചിരുന്നുവെങ്കിലും, സർക്കാർ ഉത്തരവ് പ്രകാരം ഫോറം 1ൽ നടപടിരേഖ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ആസൂത്രണ സമിതി അതിന്റെ ചുമതലകൾ അതിന്റെ പൂർണ്ണതയിൽ നടപ്പിലാക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. വളരെ പരിമിതമായി മാത്രമേ ചർച്ചകളും തീരുമാനങ്ങളും സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും നിർണ്ണായക ചുമതലകളുള്ള ആസൂത്രണ സമിതിയുടെ പ്രവർത്തനം മിനുട്സിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഈ കാര്യം ലാഘവത്തോടെ കൈകാര്യം ചെയ്യുന്നത് ഉചിതമല്ല.

2017-18 പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി ആകെ രണ്ട് യോഗങ്ങൾ ചേർന്നിട്ടുണ്ട് (25-02-2017, 20-10-2017). രണ്ട് യോഗത്തിന്റെയും യോഗ മിനുട്സിൽ അജണ്ട രേഖപ്പെടുത്തിയിട്ടില്ല. ആസൂത്രണ സമിതിക്കായി പ്രത്യേകം മിനുടസ് ബുക്ക് ഇല്ല. ജനറൽ മിനുട്സിലാണ് യോഗ നടപടികൾ രേഖപ്പെടുത്തിയിട്ടുള്ളത്.

(ബി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ ഊരുക്കൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസനസെമിനാറിന്റേയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. പഞ്ചായത്തിന്റെ 20-01-2017 തീയതിയിലെ 17/2017(3) തീരുമാന പ്രകാരം 13 വർക്കിങ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.
പല വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും ഹാജരായവർ ഒപ്പ് രേഖപ്പെടുത്തിയതല്ലാതെ അജണ്ടയോ ചർച്ചയോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. പൊതുവെ വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളിലും തീരുമാനങ്ങളിലും പദ്ധതി നടത്തിപ്പുമായി നേരിട്ട് ബന്ധപ്പെടുന്നകാര്യങ്ങൾ മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളിൽ വിവിധ

മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതിന്റെ വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുന്നില്ല. തീരുമാനങ്ങൾ മാത്രം അവസാനം രേഖപ്പെടുത്തുന്ന അവസ്ഥയാണ് നിലവിലുള്ളത്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലയുമായി ബന്ധപ്പട്ട കാര്യങ്ങളും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ പെടുന്ന മറ്റ് കാര്യങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നം.10/2017 തീയ്യതി 09-01-2017 പ്രകാരം വർക്കിംങ് ഗ്രൂപ്പ് അംഗങ്ങളുടെ എണ്ണം പരമാവധി 15 ആണ്. ഭൂരിഭാഗം വർക്കിങ് ഗ്രൂപ്പുകളിലയും അംഗസംഖ്യ 15 ൽ കൂടുതൽ ആണ്. വർക്കിംങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിന്റെ രേഖപ്പെടത്തലുകൾ മിനുട്സ് ബുക്കിൽ ഇല്ല. (ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തീയതി 29-03-2017ലെ ഖണ്ഡിക 14-6(2) അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2.വികസനരേഖ തയ്യാറാക്കൽ

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി.ഒ(എംഎസ്)10/2017/തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാ രേഖയിലെ സ്ഥിതി വിവര കണക്കുകളും പ്രൊജക്ടുകളെ സംബന്ധിച്ച നിഗമനങ്ങളും വിശദമായി തന്നെ വികസനരേഖയിൽ പ്രതിഫലിക്കുന്നുണ്ട്.

3.ഗ്രാമസഭ യോഗം

പദ്ധതി ആസൂത്രണത്തിലെ മൂന്നാം ഘട്ടമെന്ന് പറയുന്നത് ഗ്രാമസഭകൾ യോഗം ചേരലാണ്. 2017-18 വർഷം 16 ഗ്രാമസഭകളും 5 വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്

| ഒന്നാം ഗ്രാമസഭ | രണ്ടാം ഗ്രാമസഭ | മൂന്നാം ഗ്രാമസഭ | നാലാം ഗ്രാമസഭ | അഞ്ചാം ഗ്രാമസഭ |
|---|---|---|---|---|
| 2017-18 വാർഷിക പദ്ധതികളുടെ കരട് ലിസ്റ്റ് ചർച്ച ചെയ്യൽ / പദ്ധതി രൂപീകരണം. | വ്യകതഗത ഗ്രൂപ്പ് ഗുണഭോക്തൃ ലിസ്റ്റ് അവതരിപ്പിക്കൽ | ലൈഫ് പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, എൻആർഇജിഎ ലേബർ ബജറ്റ്, സോഷ്യൽ ഓഡിറ്റ്, ആക്ഷൻ പ്ലാൻ | 2017-18 പദ്ധതി അവലോകനം, 2018-19 പദ്ധതി രൂപീകരണം, നവകേരള മിഷൻ അവലോകനം | തൊഴിലാളി ഗ്രാമസഭ |

ഗ്രാമ സഭയിലെ ശരാശരി ഹാജർനില 10% നും 12% നും ഇടയിലാണ്. ഗ്രാമസഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4.വികസന സെമിനാർ

28-04-2017 തീയതിയിൽ നടന്ന വികസനസെമിനാറിൽ 111 പേർ പങ്കെടുത്തിട്ടുണ്ട്. വികസന സെമിനാറിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കേണ്ട 75 പദ്ധതികളും 17 സ്പിൽ ഓവർ പദ്ധതികളും സംബന്ധിച്ച് രേഖപ്പെടുത്തൽ വികസന സെമിനാറിന്റെ മിനുട്സിൽ വന്നിട്ടില്ല. എന്നാൽ ചില വർക്കിങ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തൽ വന്നിട്ടുണ്ട്. കരട് പദ്ധതി നിർദ്ദേശങ്ങൾ കൃത്യമായി വർക്കിങ് ഗ്രൂപ്പ് മിനുട്സിലും വികസന സെമിനാർ മിനുട്സിലും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് ചർച്ച നടന്നിട്ടുണ്ടെന്നും പദ്ധതിയുടെ പൊതുവായ വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ എന്നിവ ചർച്ച ചെയ്തിട്ടുണ്ടെന്നും ഓഡിറ്റിന് വിലയിരുത്താൻ സാധിക്കുന്ന തരത്തിലുള്ള രേഖപ്പെടുത്തൽ മിനുട്സിൽ ഇല്ല.

5.വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടിന്റെ അടങ്കൽ തുകയെ കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടില്ല. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാധ്യതകൾ പരിശോധനാ വിധേയമാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളായ പദ്ധതി ആസൂത്രണത്തിൽ വിഭവസ്രോതസുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക, പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തിയതായും തീരുമാനങ്ങൾ എടുത്തതായും രേഖപ്പെടുത്തലുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ ഇല്ല (ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തീയതി- 29-03-2017 അനുബന്ധം-3 ഖണ്ഡിക 1 കാണുക) . മിനുട്സിൽ നടപടി ക്രമങ്ങളും തീരുമാനങ്ങളും കൃത്യമായി രേഖപ്പെടുത്താൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

വികസനസ്റ്റാന്റിംഗ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണനടപടികൾ നടപടികൾ ചർച്ച ചെയ്തിട്ടുണ്ട്

മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മറ്റികൾ,സ്റ്റിയറിംഗ് കമ്മറ്റി, ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ സമന്വയിപ്പിച്ച് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതി നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. തൻവർഷം 31 യോഗങ്ങൾ ഭരണസമിതി ചേർന്നിട്ടുണ്ടെങ്കിലും 13 അംഗങ്ങളും പങ്കെടുത്ത 19 യോഗങ്ങളാണ് നടന്നിട്ടുള്ളത്. യോഗങ്ങളിൽ ആരും തന്നെ പ്രമേയങ്ങൾ അവതരിപ്പിച്ചിട്ടില്ല.

6.പ്രൊജക്ടുകൾ തയ്യാറാക്കൽ.

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രൊജക്ട് നിർദേശങ്ങളും ആദ്യം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കുകയും തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും

ചെയ്തിട്ടുണ്ട്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങളിലെ ഖണ്ഡിക 6.2 പ്രകാരം സുലേഖ സോഫ്റ്റ് വെയറിൽ പതിവു രീതിയിൽ പ്രൊജക്ടിന്റെ കണക്കുകൾ നൽകുന്നതിനോടൊപ്പം പ്രൊജക്ടിനെ കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിന് ലളിതമായ ഭാഷയിൽ ഒരു പ്രൊജക്ട് നിർദേശം കൂടി തയ്യാറാക്കി ചേർക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ പല നിർവ്വഹണോദ്യോഗസ്ഥരും ഈ നിർദേശം പാലിച്ചതായി കാണുന്നില്ല. നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കിയിട്ടുള്ള പ്രൊജക്ട് വർക്കിംഗ് ഗ്രൂപ്പ് ചെയർ പേഴ്സണും കൺവീനറും സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന നിർദേശം പാലിച്ചിട്ടില്ല.

7.വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

താഴെ കൊടുത്ത പ്രകാരം ജില്ല ആസൂത്രണ സമിതിയിൽ നിന്നും പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 92 |
| പുതിയ പ്രൊജക്ടുകൾ | 75 |
| സ്പിൽ ഓവർ പ്രൊജക്ടുകൾ | 17 |
| ആകെ അടങ്കൽ | 37875655 |
| പൊതു വിഭാഗം | 79 |
| പട്ടികജാതി വിഭാഗം | 13 |
| പട്ടികവർഗ്ഗ വിഭാഗം | 0 |
| നൂതന പ്രൊജക്ടുകൾ | തയ്യാറാക്കിയിട്ടില്ല. |

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4ൽ പരാമർശിച്ച പ്രകാരമുള്ള നൂതന പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. പട്ടിക ജാതി വിഭാഗത്തിന് തയ്യാറാക്കിയിട്ടുള്ള 8 പ്രോജക്ടുകൾക്കായി ആകെ അടങ്കൽ 35,18,904/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 29,64,273/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പട്ടിക ജാതി വനിതകൾക്കായുള്ള സ്വയം തൊഴിലിന് ആസ്തികൾ എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല (പ്രോജക്ട് നമ്പർ 67/18 അടങ്കൽ 3,00,000/- രൂപ).

8.പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചയുടനെ തന്നെ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് അയച്ചു നൽകിയിട്ടുണ്ട്. പ്രസ്തുതവെറ്റിംഗ് ഉദ്യോഗസ്ഥർ ഓരോ പദ്ധതികളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നവയാണെന്ന്

വിലയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് പരിശോധനക്ക് ശേഷം സാമ്പത്തികാധികാരപരിധിക്ക് വിധേയമായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

9.വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണോദ്യോഗസ്ഥർ ഇനം തിരിച്ചുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | ആരംഭിച്ചവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 16 | 15 | 93.75 | 1870509 | 1581486 | 84.5 |
| കൃഷി ഓഫീസർ | 6 | 6 | 100 | 2364250 | 2364250 | 100 |
| വെറ്ററിനറി സർജൻ | 5 | 5 | 100 | 985000 | 985000 | 100 |
| മെഡിക്കൽ ഓഫീസർ (ആലോപ്പതി) | 4 | 4 | 100 | 526852 | 519752 | 98.7 |
| മെഡിക്കൽ ഓഫീസർ (ആയ്യൂർവേദം) | 1 | 1 | 100 | 600000 | 600000 | 100 |
| വി ഇ ഒ | 10 | 9 | 90 | 4380333 | 2892835 | 66 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 3 | 3 | 100 | 3013900 | 2973968 | 98.7 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 32 | 22 | 68.75 | 20387299 | 10631132 | 52 |

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 100 | 1290000 | 1272600 | 98.65 |
| ഹെഡ് മാസ്റ്റർ | 8 | 8 | 100 | 1487512 | 1487512 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 100 | 200000 | 100000 | 50 |
| ക്ഷീര വികസന ഓഫീസർ | 1 | 1 | 100 | 770000 | 730000 | 94.8 |
| ആകെ | 92 | 80 | 86.96 | 37875655 | 26138535 | 69.01 |

പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് യഥാസമയം തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. വെറ്റിനറി സർജ്ജൻ , മെഡിക്കലാഫീസർ പി എച്ച് സി (ആലോപ്പതി),മെഡിക്കലാഫീസർ ആയുർവേദം എന്നീ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

പൗരാവകാശരേഖ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 272 എ അനുസരിച്ച് എല്ലാ പഞ്ചായത്തുകളും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ് . പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതുപ്രകാരം അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രിക ഗ്രാമപഞ്ചായത്ത് 2017ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനാവലേകനം

എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 ധനകാര്യ വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 18 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യം നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പെതുഭരണം, നികുതി, അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നിവയാണ് കൈകാര്യം ചെയ്യേണ്ട പ്രധാന വിഷയങ്ങൾ. മേൽ വിഷയങ്ങളിൽ ബജറ്റ് തയ്യാറാക്കലുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റേക്ക് ഹോൾഡേഴ്സ്, ഘടക സ്ഥാപന മേധാവികൾ എന്നിവരിൽ

നിന്നും ബജറ്റ് നിർദ്ദേശങ്ങൾ ഡിസംബർ 15ന് മുൻമ്പ് ലഭ്യമാക്കിയിട്ടില്ല. അതു പോലെ ജനുവരി 15ന് മുൻമ്പ് മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ (വികസനം, ക്ഷേമം, ആരോഗ്യവും വിദ്യാഭ്യാസവും) ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.2017-18 ലെ ബജറ്റ് 27-03-17 ന് പസ്സാക്കുകയും 13-03-18ന് പുതുക്കുകയും ചെയ്യിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിൽ പദ്ധതിയുടെ വിഭവ സ്രോതസുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക, പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയയായും തയ്യാറാക്കുക, പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ ശുപാർശ ചെയ്യുക.തുടങ്ങിയ ചുമതലകൾ നിർവ്വഹിച്ചതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല. പുതിയ റവന്യൂ വരവുകൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച വരുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീ പിരിച്ചെടുക്കുന്നതിനും,തൊഴിൽ നികുതി ഈടാക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്.കണക്കുകൾ,രേഖകൾ തയ്യാറാക്കൽ ജനക്ഷേമം കാര്യക്ഷമമാക്കൽ എന്ന വർക്കിംഗ് ഗ്രൂപ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്നു.

ബി) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹികാസൂത്രണം, സാമ്പത്തികാസൂത്രണം, സ്പെഷൽ ആസൂത്രണം, മേഖലാടിസ്ഥാനത്തിലുള്ള വികസനാസൂത്രണം എന്നിവ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്. സമയബന്ധിതമായി ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മമിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൃഷി അനുബന്ധ മേഖലകളും (പരിസ്ഥിതി ജലസേചനം, മണ്ണ്- ജല സംരക്ഷണം, വനവത്കരണം ഉൾപ്പടെ), മൃഗ സംരക്ഷണവും ക്ഷിര വികസനവും, ചെറുകിട വ്യവസായം, മത്സ്യബന്ധനം, പൊതുമരാമത്ത്(വൈദ്യുതി, ഊർജ്ജം ഉൾപ്പടെ) എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു (വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പദ്ധതി അവലോകനം കാണുക) 2017-18 വർഷം 20 തവണ യോഗം ചേർന്നിട്ടുണ്ട്. പദ്ധതി ആസൂത്രണ പ്രക്രിയയ്ക്ക് യഥാസമയം മേൽനോട്ടം നൽകുന്നതിന് ഈ കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ട്.

സി) ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

പട്ടിക ജാതി- പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷാപ്രവർത്തനം, ചേരി പരിഷ്കരണം. ദാരിദ്ര്യ നിർമാർജ്ജനം , പൊതു വിതരണ സമ്പ്രദായം എന്നിവയാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ. ബജറ്റ് നിർദ്ദേശങ്ങൾ യഥാസമയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.ക്ഷേമ പെൻഷനുകളുടെ അപേക്ഷകളിന്മേൽ യഥാസമയം തീരുമാനം എടുത്തിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, പട്ടികജാതി വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ പൊതുവികസന കാഴ്ചപ്പാടിനനുസൃതമായി ആക്ട് പ്രകാരം നൽകപ്പെട്ട വിഷയങ്ങളിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. 2017-18 വർഷം 19 തവണ യോഗം

ചേർന്നിട്ടുണ്ട്.

ഡി)ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി

പൊതുജനാരോഗ്യം, ശുചീകരണം, ശുദ്ധജലവിതരണം (കുടിവെള്ളം ), അഴുക്ക്ചാൽ, പരിസ്ഥിതി, കലയും സംസ്കാരവും വിനോദവും, വിദ്യാഭ്യാസം എന്നിവ ഈ സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്. ബജറ്റ് നിർദ്ദേശങ്ങൾ യഥാസമയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ചുമതലപ്പെട്ട മേഖലയിൽ പ്രൊജക്ടുകൾ രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. 2017-18 വർഷം 19 തവണ യോഗം ചേർന്നിട്ടുണ്ട്. കുടിവെള്ളം,ശുചിത്വം(മാലിന്യ പരിപാലനം ഉൾപ്പടെ) വിദ്യാഭ്യാസം, സംസ്കാരം, കലാകായിക യുവജനക്ഷേമം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ ഈ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1135 | 488864 | 489999 | 488425 | 1574 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 6679728 | 6679728 | 6679728 | |
| ആകെ | 1135 | 7168592 | 7169727 | 7168153 | 1574 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20,880 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 35,49,500 | 305 |
| വിധവാപെൻഷൻ | 64,67,000 | 548 |
| വാർദ്ധക്യകാലപെൻഷൻ | 1,54,25,500 | 1249 |
| വികലാംഗപെൻഷൻ | 19,03,500 | 161 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 644400 | 221 |
| വിവാഹധനസഹായം | 240000 | 8 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-09-2018-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,714/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണം സുഗമവും സുതാര്യവും കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്ക് കൃത്യസമയത്ത് സേവനം ലഭ്യമാക്കുന്നതിനും വേണ്ടി കൃത്യമായ ചുമതലാ വിഭജനം 1-9-2015 ലെ 3/2015ഓഫീസ് ഉത്തരവ് വഴി നൽകിയിട്ടുണ്ട്. പ്രതിമാസ മീറ്റിംഗ് നടത്തി ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഗ്രാമപഞ്ചായത്ത് ഓഫീസിന് മുൻവശത്ത് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പ്രയോജനപ്പെടും രീതിയിൽ ഹെൽപ് ഡസ്ക് സൗകര്യം ഒരുക്കുന്നത് ഉചിതമായിരിക്കും. ഓരോ ജീവനക്കാരനും അവരുടെ സെക്ഷനിൽ വരുന്ന ഫയലുകളും രജിസ്റ്ററുകളും എം.ഒ.പി യുടെ അടിസ്ഥാനത്തിൽ കൃത്യമായി എഴുതി സൂക്ഷിക്കുകയും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ സെക്ഷനുകളും പേർസണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥൻ പ്രതിമാസം പരിശോധിക്കുകയോ അബ്സ്ട്രാക്റ്റ് എഴുതുകയോ ചെയ്യുന്നില്ല. വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതും അടുത്ത വർഷത്തേക്കുള്ള സ്റ്റോക്ക് ആവശ്യകത കണക്കാക്കുന്നതിന് മുൻവർഷങ്ങളിലെ ഉപയോഗത്തിനനുസരിച്ചുള്ള കണക്ക് തയ്യാറാക്കുന്നതിനുള്ള നടപടികളുണ്ടാകാത്തതും അപാകമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.06.2018 | മെയ് 2018 വരെ | 28.06.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2014 | 2013-14 | 16.07.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകങ്ങൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നതും പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത , അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങളും ചുവടെ കൊടുക്കുന്നു.

1.വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ

സഞ്ചയ സോഫ്റ്റ്-വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2.വാർഷിക ധനകാര്യപത്രികയിലെ B-11 ഷെഡ്യൂളിൽ കൊടുത്തിട്ടുള്ള ആസ്തി സംബന്ധിച്ച വിവരം പരിശോധിക്കാനാവശ്യമായ ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3.വസ്തുനികുതി ഇനത്തിൽ 2017-18 വർഷം എക്സെംപ്ഷൻ (Exemption) ഇനത്തിൽ 9430 രൂപ കുറവ് ചെയ്തിട്ടുണ്ട്.എന്നാൽ ആയത് വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകളുടെ പരിശോധനയിൽ പല അപേക്ഷകളും സമർപ്പിച്ചത് സമയപരിധി പാലിക്കാതെയാണ്. ഏതാനും ഉദാഹരണണം ചുവടെ പട്ടികയിൽ കൊടുക്കുന്നു

| ക്രമ നം. | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയതി | വ്യപാര ഇനം | റസീറ്റ് നമ്പർ / തീയതി |
|---|---|---|---|---|
| 1 | കെ.മോഹനൻ | 24-11-17 | അനാദി | 103694/24-11-17 |
| 2 | രമ്യ.കെ | 25-11-17 | മിൽമ ഉൽപ്പന്നങ്ങൾ വിൽപ്പന | 103720/25-11-17 |
| 3 | സന്ദീപ്.ടി | 28-11-17 | ഓയിൽ/ഫ്ലവർ മിൽ | 103815/28-11-17 |
| 4 | ഡോ.കെ.കുഞ്ഞമ്പു നായർ | 12-12-17 | ആയുർവേദ മരുന്ന് വിൽപ്പന | 104359/12-12-17 |
| 5 | എം.പി.പ്രകാശ് | 17-01-18 | റേഷൻ കട | 104817/17-1-18 |

സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡി & ഒ ലൈസൻസ് വാങ്ങിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷ ആരംഭം മുതൽ ലൈസൻസ് വാങ്ങിക്കുന്ന തീയതി വരെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവെന്നാണ് അർഥമാക്കുന്നത്. ആയതിനാൽ ചട്ടലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പഞ്ചായത്തിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ ശിക്ഷ ഈടാക്കാവുന്നതാണ്. തുടർ വർഷങ്ങളിൽ ഡി & ഒ ലൈസൻസ് നിയമത്തിൽ അനുശാസിക്കുന്ന വിധം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് ബൈലോ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം (ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും) ഈ ആക്ടിലെയും മറ്റേതെങ്കിലും നിയമത്തിലെയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏതു കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടു കൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് നൽകുന്നതിനോ വാടക നിശ്ചയിക്കുന്നതിനോ ബൈലോ തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.13/17-18, തീയ്യതി:12-09-2018) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ബൈലോ നിലവിൽ ഇല്ല എന്നും ആയത് ഉടൻ തന്നെ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അനുമതിക്ക് സമർപ്പിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. എത്രയും വേഗം ബൈലോ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു.

## 2-3 ഇ-ടെണ്ടർ വരവ് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നില്ല-

2017-18 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഇനത്തിൽ വരവ് വന്ന 19,970/- രൂപയും, നിരത ദ്രവ്യം ശേഖരിച്ച 2,21,100/- രൂപയും കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. പ്രസ്തുത തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവ് വെക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ഫോറം വില |
|---|---|---|---|---|---|
| 1 | 15 | ജി.എൽ.പി.എസ്.ചെറുകുന്ന് നോർത്ത് മെയിൻറനൻസ് | 7,00,000 | 17,500 | 1,568 |
| 2 | 17 | നോർത്ത് എൽപി സ്കൂളിൽ പെൺസൌഹൃദ ടോയ് ലെറ്റ് നിർമ്മാണം | 4,91,000 | 12,300 | 1,120 |
| 3 | 18 | പഞ്ചായത്തോഫീസ് കോമ്പൌണ്ടിൽ സ്ത്രീസൌഹൃദ ടോയ് ലെറ്റ് നിർമ്മാണം | 2,87,000 | 7,200 | 672 |

| | | | | | |
|---|---|---|---|---|---|
| 4 | 88 | പള്ളിച്ചാൽ സായി മന്ദിരം റോഡ് ടാറിംഗ് | 17,00,000 | 42,500 | 2,800 |
| 5 | 7 | മുണ്ടപ്പുറം പൂങ്കാവ് ലിങ്ക് റോഡ് ടാറിംഗ് | | 14,100 | 1,344 |
| 6 | 8 | മുട്ടിൽ വായനശാല മൂലക്കീൽ ബണ്ട് റോഡ് ടാറിംഗ് | 5,62,000 | 7,800 | 784 |
| 7 | 10 | പള്ളിക്കര മദ്രസ്സാ റോഡ് ടാറിംഗ് | 3,12,000 | 26,000 | 2,800 |
| 8 | 57 | കദിയാക്കുണ്ട് കാക്കാത്തോട് ഫുട്ട്പാത്ത് നിർമ്മാണം | 1,04,000 | 12,500 | 1,120 |
| 9 | 2 | താവം പുതിയകുളം റോഡ് നിർമ്മാണം-മൂന്നാം ഘട്ടം | 5,00,000 | 12,500 | 1,180 |
| 10 | 3 | കുന്നനങ്ങാട് SC കോളനി പഴങ്ങോട് റോഡ് സോളിംഗ് | 3,12,000 | 7,800 | 826 |
| 11 | 4 | മുതിരിക്കടവ് കാവിൻമുനമ്പ് റോഡ് നിർമ്മാണം | 3,00,000 | 7,500 | 700 |
| 12 | 13 | ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി | 3,00,000 | 7,500 | 680 |
| 13 | 19 | ചെറുകുന്ന് ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വൃദ്ധ സദനം(പകൽ വീട്)ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൌകര്യമൊരുക്കൽ | 3,94,500 | 9,900 | 896 |

| | | | | | |
|---|---|---|---|---|---|
| 14 | 21 | കട്ടക്കളം അംഗൻവാടി നിർമ്മാണം | 11,60,000 | 29,000 | 2,800 |
| 15 | 59 | താവം വായനശാല കാപ്പ് റോഡ് വട്ടക്കളം ഫുട്പാത്ത് | 2,80,000 | 7,000 | 680 |
| 16 | | ആകെ | | 2,21,100 | 19,970 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്ട്രീറ്റ് ലൈറ്റ്-വൈദ്യുതി ഉപഭോഗം കണക്കാക്കുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 12.03.2013ലെ 65529/DC3/12 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ല. മേൽ സർക്കുലർ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി ഉപഭോഗത്തിനനുസൃതമായ വൈദ്യുതി ചാർജാണ് അടവാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. സെക്രട്ടറിയുടെ 22.5.2018ലെ എ3/625/18 നമ്പർ കത്തു പ്രകാരം സംയുക്ത പരിശോധന നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് കെഎസ്ഇബി എഞ്ചിനീയർക്ക് കത്തു നല്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

### 3-2 സബ്സിഡിയിനത്തിൽ തുക അധികം നൽകി - 1200 രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ: 37/18 – കുടിവെള്ള കണക്ഷൻ സബ്സിഡി (എസ്.സി.)
ഫണ്ട് – എസ്.സി.പി.
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ (കുടിവെള്ളത്തിന്) നല്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുകയിൽ പരമാവധി 7,500/- രൂപ സബ്സിഡി നല്കുവാനാണ് വിഭാവനം ചെയ്തിരുന്നത്. മേൽ പ്രോജക്ടിന്റെ ഗുണഭോക്താവായ ശ്രീ.വിനോദ് രാഹുൽ.ഇ, പൂങ്കാവ്, ചെറുകുന്ന് എന്നയാൾക്ക് കണക്ഷൻ നല്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരിക്കുന്നത് (മെറ്റീരിയൽ ചാർജ്, ലേബർ ചാർജ് എന്നിവ ഉൾപ്പെടെ) 6,300/- രൂപയാണ് (കേരള വാട്ടർ അതോറിറ്റിയുടെ രശീതി നം.0949125/09.6.2017). എന്നാൽ മേൽ

ഗുണഭോക്താവിന് ഈ പ്രോജക്ടിന്റെ ഭാഗമായി 7,500/- രൂപ അനുവദിച്ചിട്ടുണ്ട് (ബിൽ നം.07/17-18/13.9.17 പ്രകാരം പിൻവലിച്ച 37,500/- രൂപയിൽ നിന്ന് 7,500/- രൂപ). ആയതിനാൽ അധികം നല്കിയ 1,200/- രൂപ (7500-6300) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. [ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14) ലഭിച്ച മറുപടി തൃപ്തികരമല്ല].

## 3-3 കല്ലുമ്മക്കായ കൃഷി- പദ്ധതി നിർവ്വഹണത്തിലെ അപാകം .

നിർവ്വഹണ ഉദ്യോഗസ്ഥൻ : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പ്രോജക്ട് : 65/18 കല്ലുമ്മക്കായ കൃഷി

വകയിരുത്തിയ തുക : 1,00,000/- (വികസനഫണ്ട് (ജനറൽ)

1,00,000/- (ഗുണഭോക്തൃ വിഹിതം)

ചെലവ് തുക : 1,00,000/- (ബിൽ നമ്പർ 1/19.03.2018)

ജി ഒ (എം എസ്) നം 80/17/തസ്വഭവ തീയതി 03.04.2017 ഖണ്ഡിക 8.4(ബി)3 പ്രകാരം ചെലവിന്റെ 50% പരമാവധി 15,000/- രൂപയാണ് സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം അനുവദിച്ച താഴെ കൊടുത്തിരിക്കുന്ന ഗ്രൂപ്പുകൾ ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം പദ്ധതി നടത്തിപ്പിനായി ഗ്രൂപ്പിന് ആകെ ചെലവായത് 25,000/- രൂപയിലും താഴെയാണ്. ചെലവ് തുകയുടെ 50% സബ്സിഡിയായി അനുവദിക്കുന്നതിന് പകരം 12,500/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. അധികമായി നല്കിയ തുക ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയതിന്റ (ഓഡിറ്റ് എൻക്വയറി നം. 12/17-18/12-09-2018) അടിസ്ഥാനത്തിൽ അധികമായി നൽകിയ തുക 2,396/- രശീത് നം. 118040102670/22.09.2018 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. തുക ചെലവ് നിർവ്വഹിക്കപ്പെട്ട അതേ ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | ഗ്രൂപ്പിന്റെ പേര് | മൊത്തം ചെലവ് തുക | അർഹമായ ആനുകൂല്യം | അനുവദിച്ച ആനുകൂല്യം | അധികമായി നൽകിയത് |
|---|---|---|---|---|---|
| 1 | മൈന | 22,625 | 11,313 | 12,500 | 1,187 |
| 2 | സമൃദ്ധി | 22,582 | 11,291 | 12,500 | 1,209 |
| | ആകെ | | | | 2,396 |

## 3-4 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ക്ഷീര വികസന ഓഫീസർ

പ്രോജക്ട് :87 /18 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ

വകയിരുത്തിയ തുക : 1,20,000/- (വികസന ഫണ്ട്, (ജനറൽ), 3,00,000/- (ബ്ലോക്ക് വിഹിതം),

3,50,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് തുക 1) 1,20,000/- (ബിൽ നമ്പർ 1/08.01.18)

2) 3,75,000 (SB/XX 2511222/06.02.2018)

3) 1,85,000(SB/XY 2511231/17.03.2018)

4) 50,000/-(SB/XY 2511234/21.03.2018)

ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ എന്ന പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) പദ്ധതി പ്രകാരം 71 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിലും 50 ഗുണഭോക്താക്കൾ മാത്രമേ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരായിട്ടുള്ളൂ. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ആളുകളെ കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ഡയറി ഫാം ഇൻസ്പെക്ടർ 30.01.18 ന് (നം.01/17-18) കത്ത് നൽകിയെങ്കിലും ലിസ്റ്റ് ഇതേവരെ ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

| ക്രമ നം. | പേര് |
|---|---|
| 1 | നാരായണൻ കെ വി |
| 2 | രാജൻ. എം |
| 3 | വനജ. കെ |
| 4 | ശാരദ പി എം |
| 5 | ഷീജ സുരേന്ദ്രൻ |
| 6 | ഗീത ഒ |
| 7 | വിജയൻ സി കെ |
| 8 | നാരായണി. എം |

| | |
|---|---|
| 9 | രമണി കെ വി |
| 10 | ദിനേശൻ കെ വി |
| 11 | റൌലത്ത് എ |
| 12 | ദാമോദരൻ കെ വി |
| 13 | ആയിഷ കെ |
| 14 | രാജീവൻ കെ |
| 15 | റോജ എം വി |
| 16 | ഗീത ഒ |
| 17 | കുഞ്ഞിക്കണ്ണൻ ടി |
| 18 | ലതീഷ് പി പി |
| 19 | നശാത്ത് കെ വി |
| 20 | ഷേർലി പി സി |
| 21 | രഞ്ചിത്ത് കെ |

## 3-5 എല്ലാ വരവ് ചെലവ് കണക്കുകളും കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

കൃഷി ഓഫീസർ ഉപയോഗിച്ച് വരുന്ന ക്യാഷ് ബുക്കിൽ തൻവർഷം വിനിയോഗിച്ചിട്ടുള്ള പദ്ധതി പണം സംബന്ധിച്ചിട്ടുള്ള വരവ് ചെലവ് കണക്കുകളും തനത് ഫണ്ടിൽ നിന്ന് ചെക്ക് മുഖേന ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

ജി.ഒ(പി) 177/206/ധനം/12.04.2006, ജി ഒ(പി)119/2015/ധനം/21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ TR 7 A കാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 3-6 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് .നം 93/17-18

മേൽ പ്രോജക്ടിന്റെ നടത്തിപ്പിനായി 4,60,270/- രൂപ (ബിൽ നം. 12/17-18/13.10.17 പ്രകാരം 3,51,420/- രൂപ, ബിൽ നം.15/17-18/14.11.17 പ്രകാരം 80,638/- രൂപ, തനതു ഫണ്ട് 28,212/- രൂപ) കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ചെറുകുന്നിന്റെ അക്കൗണ്ടിലേക്ക് (എസ്.ബി.ടി ചെറുകുന്ന് അക്കൗണ്ട് നം.67045161877) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/12.9.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ -വാല്യേഷനിൽ കൂടുതൽ തുക അനുവദിച്ചു

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ വാസയോഗ്യമാക്കൽ (പ്രോ.നം.43/2018) എന്ന പ്രോജക്ടിന്റെ ഭാഗമായി ശ്രീമതി.വസന്ത.കെ, കല്ലേൻ ഹൗസ്, കട്ടക്കളം എന്നവർക്ക് 1,11,000/- രൂപ (യൂണിറ്റ് കോസ്റ്റ് 1,50,000/രൂപ) അനുവദിച്ചിട്ടുണ്ട് (ബിൽ നം.04/17-18 /15.12.2017 പ്രകാരം പിൻവലിച്ച 3,00,000/- രൂപയിൽ നിന്ന് 75,000/- രൂപയും ബിൽ നം.17/17-18/07.03.18 പ്രകാരം പിൻവലിച്ച 1,58,000/- രൂപയിൽ നിന്ന് 36,000/- രൂപയും). എന്നാൽ മേൽ ഗുണഭോക്താവിന്റെ വീട്ട പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി എഞ്ചിനീയർ നല്കിയ വാല്യേഷൻ സർട്ടിഫിക്കറ്റിൽ പ്രവൃത്തി മൂല്യം 1,10,000/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാല്യേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാളും 1,000/- രൂപ കൂടുതൽ (1,11,000-1,10,000=1000/-രൂ.)അനുവദിച്ചു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.4/7.9.18) നല്കിയതിന്റെ അടിസ്ഥാനത്തിൽ 1,000/- രൂപ പഞ്ചായത്തിൽ അടവാക്കി (രശീതി നം.118040102315/7.9.18).

## 3-8 അങ്കണവാടി പ്രവർത്തനാവലോകനം

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 18 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നുണ്ട്. 18 അങ്കണവാടികളിലായി 321 കുട്ടികൾ ഉണ്ട്. സ്വന്തമായി കെട്ടിടങ്ങൾ ഉള്ള 12 എണ്ണവും വാടക കെട്ടിടത്തിൽ 4 എണ്ണവും വാടക രഹിത കെട്ടിടത്തിൽ 2 പ്രവർത്തിച്ചു വരുന്നുണ്ട്. കുടിവെള്ള സൗകര്യം ഇല്ലാത്ത 2 അങ്കണവാടികൾ നിലവിലുണ്ട്. അസി.എഞ്ചിനീയർ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ ശിശു സൗഹൃദ ടോയിലറ്റ് സൗകര്യം ഉള്ള ഒരു അങ്കണവാടിയും ഇല്ല. കൂടാതെ അങ്കണവാടികളുടെ പരിധിയിലുള്ള 129 (2017ഏപ്രിൽ മുതൽ മാർച്ച് 18വരെ) ഗർഭിണികൾ രജിസ്റ്റർ ചെയ്തതിൽ 129 പേരും, മുലയൂട്ടുന്ന അമ്മമാരിൽ 103 പേർ രജിസ്റ്റർ ചെയ്തതിൽ 103 പേരും, 6 മാസം മുതൽ 3 വയസുവരെ പ്രായമുള്ള 232 കുട്ടികളും, 3 വയസു മുതൽ 6 വയസു വരെ പ്രായമുള്ള 321 കുട്ടികളും സാമൂഹ്യക്ഷേമ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള

പോഷകാഹാരത്തിന്റെ ഉപയോഗം അങ്കണവാടികളിൽ നിന്നും ലഭ്യമായിട്ടുണ്ട്. ശിശു സൗഹൃദ ടോയ്ലറ്റ് സൗകര്യം കൂടി ഉൾപ്പെടുത്തി അങ്കണവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു.

## 3-9 പാലിയേറ്റിവ് പരിചരണം അവലോകനം

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പാലിയേറ്റിവ് പരിചരണ പദ്ധതിയിൽ ആകെ 224 (94 പുരുഷൻമാരും 130 സ്ത്രീകളും) രോഗികൾ രജിസ്റ്റർ ചെയ്ത് പരിചരണം ലഭ്യമായി വരുന്നുണ്ട്. 29.10.2015 ലെ ജി.ഒ.(ആർ.ടി) 3217/15/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന (രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ഒഴിവാക്കപ്പെട്ടവരെയും, മരണപ്പെട്ടവരെയും ഒഴിവാക്കിയ ശേഷമുള്ളവർ) രോഗികളുടെ പേരു വിവരം തദ്ദേശ സ്വയഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കേണ്ടതാണ്. ആയത് നടപ്പാലാക്കിയിട്ടുണ്ട്. പാലിയേറ്റിവ് പരിചരണ പദ്ധതിയുടെ ഭാഗമായി ഗൃഹ സന്ദർശനത്തിനു വേണ്ടി നിയോഗിക്കുന്ന ഹോം കെയർ ടീമുകൾ ആഴ്ചയിൽ നാല് ദിവസത്തിൽ കുറയാതെ മാസത്തിൽ 16 ദിവസമെങ്കിലും ഗൃഹസന്ദർശനം നടത്തണമെന്നുണ്ട്. എന്നാൽ 13 തവണ മാത്രമേ ഹോം കെയർ ടീമുകൾ ഗൃഹ സന്ദർശനം നടത്തിയതായി കാണുന്നുള്ളൂ. നിലവിൽ പഞ്ചായത്തിൽ 13 ഹോം കെയർ ടീം നിലവിൽ ഉണ്ട്. ഹോം കെയർ സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പ്രാദേശികമായി വിഹിതം സമാഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. പരിചരണം നടത്തുന്ന നേഴ്സിനും, വളണ്ടിയർമാർക്കും പ്രത്യേക പരിശിലനം നൽകിവരുന്നുണ്ട്. ഭാവിയിൽ പാലിയേറ്റീവ് പരിചരണ പദ്ധതി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഖണ്ഡികയിൽ പരാമർശിച്ച അപാകങ്ങൾ ഒഴിവാക്കിയും രോഗികൾക്ക് കുടുതൽ പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 697000 | 1. നെൽകൃഷിക്ക് വിത്ത് , കൂലിചെലവ് സബ്സിഡി നൽകൽ 9/18 | 697000 | |

| | | | | | |
|---|---|---|---|---|---|
| | | 300000 | 2.ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ 87/18 | 260000 | 40000 |
| | | 112500 | 3..ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 91/18 | 112500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 112500 | 1..ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 91/18 | 112500 | 0 |
| | | 1000000 | 2. താവം പോസ്റ്റോഫീസ് പള്ളിക്കര റോഡ് റീടാറിംഗ്, ഡ്രെയിനേജ് 73/18 | 0 | 1000000 |
| | | 350000 | 3. ക്ഷീരകർഷകർക്ക് പാലിന് അധിക വില നൽകൽ 87/18 | 350000 | 0 |
| | | 1080000 | 4.ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) 102/18 | 764883 | 315117 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 1)171901520125005346O9/ 10-10-17, 3,51,420/- രൂപ<br>2)17190152012500659828/ 09-11-17, 80,638/- രൂപ | 4,60,270 | 0 | 4,60,270 |

| | | | | | | |
|---|---|---|---|---|---|---|
| | | 3) 604385/10-11-17, കനറ ബാങ്ക്, 28,212/- രൂപ | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 30000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നമ്പർ/തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കണ്ണൂർ കോ-ഓപ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്. | 42/14.7.15 | | 5,000 | |
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ് സൊസൈറ്റി | 197/18.10.14 | | 20,000 | |
| 3 | കേരള സ്റ്റേറ്റ് കോ-ഓപ് ഹോസ്പിറ്റൽ പരിയാരം | 2621/09.09.2008 | | 5,000 | |

| | | |
|---|---|---|
| ആകെ | 30,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5290/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|
| 2013-14 | 250 | തങ്കമണി.എം.വി<br>പ്യൂൺ,തൊഴിൽ നികുതി | 117040101691/11-9-17 |
| 2015-16 | 5040 | ബട്ടർഫ്ളൈസ് ഇംഗ്ലീഷ് മിഡിയം സ്കൂൾ | 117040100777<br>117040100778<br>117040100779/17-6-17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5.8 | മഴവെള്ള സംഭരണികൾ പരാജയമായി | |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5.11 | നൂതനാശയ പദ്ധതിയായ ഒദയംമ്മാടം വാട്ടർ ട്രീറ്റ് മെന്റ് പ്ലാന്റ് പരാജയമായി | |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5.13 | കുടിവെള്ള പദ്ധതികളുടെ | |

| | | | | | |
|---|---|---|---|---|---|
| | | | | നിർവ്വഹണം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയില്ല | |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5.2 | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരങ്ങളായി | |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5.8 | മഴവെള്ള സംഭരണികൾ പരാജയമായി | |
| 2014-15<br>2015-16 | 2-2,2-3<br>2-1,2-2 | 2016-17 | 2 | തൊഴിൽ നികുതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 35915244.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38881032.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1200. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-2 | | 1200 | ശ്രീ. എം. പ്രദീപൻ, അസി. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം. പ്രദീപൻ | അസി.സെക്രട്ടറി,അഴീക്കോട് ഗ്രാമ പഞ്ചായത്ത് | തീരുവോണം,അടുത്തില,പഴയങ്ങാടി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2010-2011 | കെ.എസ്.എ/കെ.എൻ.ആർ/ സി10/2098/2017 തീയതി. 3-4-18 | 3-2 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി.7/1968/16 തീ. 4.1.2017 | 1-3,1-10,1-11,2-1,2-2, 2-3,2-4,2-5,2-6,2-7,3-1, 3-2,3-3,3-4,3-5,3-6,3-7, |

| | | |
|---|---|---|
| | | 3-8,3-10,3-11,3-12,3-14,3-16,<br>3-17,3-19, |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/<br>സി21948/17,തീയ്യതി-29-1-2018 | 1-3,1-13,1-14,2-1,2-2,<br>2-3,3-1,3-2,3-4,3-5,3-6,<br>3-9,3-13 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ./കെ.എൻ.ആർ./സി.12/1780/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 10.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്-ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## <u>അനുബന്ധം-2-1</u>

# RECEIPT AND PAYMENT STATEMENT OF CHERUKUNNU GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 4558219.89<br>0.00 |
| | Receipts | | |

| | | | |
|---|---|---|---|
| Operating | | | |
| 110000000 | Tax Revenue | RP-1 | 939850 |
| 140000000 | Fees & User Charges | RP-4 | 397000 |
| 150000000 | Sale & Hire Charges | RP-5 | 48750 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 26897719 |
| 171000000 | Interest Earned | RP-9 | 84163 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3609451 |
| 350000000 | Other Liabilities | RP-36 | 115961 |
| Non operating | | | |
| 340000000 | Deposits Received | RP-34 | 241359 |
| 180000000 | Other Income | RP-10 | 0.00 |
| 311000000 | Earmarked Fund | RP-29 | 32083 |
| 350000000 | Other Liabilities | RP-36 | 112529 |
| 431000000 | Sundry Debtors (Receivables) | RP-43 | 2634332 |
| 460000000 | Loans,Advances and Deposits | RP-47 | 802047 |
| Grand Total | | | 40473463.89 |
| | Payments | | |
| Operating | | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 2822451 |
| 220000000 | Administrative Expenses | RP-12 | 759284 |
| 230000000 | Operations & Maintenance | RP-13 | 1259660 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3887430 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 8355336 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 137776 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 418861 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 360880 |
| 255000000 | Maintance Projects | RP-20 | 5506973 |
| 256000000 | Other Revenue Grants and Funds -Revenue Expenses | RP-21 | 29280 |
| 256000000 | Grants contributions and compensations from own fund | RP-22 | 2500 |
| 280000000 | Prior Perid Items | RP-26 | -10222 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14016 |
| 350000000 | Othes Liabilities | RP-36 | 4225019 |
| Non Operating | | | |

| | | | |
|---|---|---|---|
| 240000000 | Interest and Finance Charges | RP-14 | 249 |
| 280000000 | Prior Period Item | RP-26 | -8970 |
| 311000000 | Earmarked Fund | RP-29 | 42000 |
| 340000000 | Deposits Received | RP-34 | 177086 |
| 350000000 | Other Liabilities | RP-36 | 2148704 |
| 410000000 | Fixed Assets | RP-38 | 1700971 |
| 412000000 | Capital Work in progress | RP-40 | 5505523 |
| 431000000 | Sundry Debtors (Receivables) | RP-43 | 986555 |
| 460000000 | Loans, Advances and Deposits | RP-47 | 559670 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 1576241.89<br>16190 |
| Grand Total | | | 40473463.89 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF CHERUKUNNU GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 3607504 |
| 130000000 | Rental Income from panchayat properties | I-3 | 217500 |
| 140000000 | Fees & User Charges | I-4(b) | 539470 |
| 150000000 | Sale & Hire Charges | I-5(b) | 48750 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 65502132 |
| 171000000 | Interest Earned | I-8 | 84163 |
| 180000000 | Other Income | I-9 | |
| A | Total Income | | 69999519 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9094940 |
| 220000000 | Administrative Expenses | I-11(b) | 740360 |
| 230000000 | Operations & Maintenance | I-12(b) | 1313041 |
| 240000000 | Interest & Finance Charges | I-13 | 249 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 6918273 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 12843521 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 137776 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 418861 |

| | | | |
|---|---|---|---|
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 28350780 |
| 255000000 | Maintance Projects | I-14(e) | 5506973 |
| 200000000 | Grants,Contributions and Compensations from Own Fund | I-15 | 2500 |
| 256000000 | Other Revenue Grants and Funds | I-15(a) | 29280 |
| | Revenue Expenses | | |
| 272000000 | Depreciation | I-17(a) | 2565193 |
| B | Total Expenditure | | 67921747 |
| C=A-B | Gross Surplus / Defict Income over Expenditure | | 2077772 |
| D= 280000000 | Prior Period Item | I-18 | (11180) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 2088952 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF CHERUKUNNU GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 7702073.46 |
| 311000000 | Earmarked Funds -Special Funds/Sinking Fund/Trust orAgency Fund | B-2 | 5162 |
| 312000000 | Reserves | B-3 | 23364919 |
| | Total Reserve & Surplus | | 31072154.46 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 2321177.50 |
| | Total Grants,Contribution for specific purposes | | 2321177.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 501909 |
| 350000000 | Other Liabilities | B-9 | 669894.93 |
| | Total Current Liabilities and Provisions | | 1171803.93 |
| | TOTAL LIABILITIES | | 34565135.89 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 38201225 |
| 411000000 | Accumulated Depreciation | B-11 | -7118827 |
| 412000000 | Capital Work In Progress | B-11(a) | 765658 |
| | Total Fixed Assets | | 31848056 |
| | Investments | | |
| 420000000 | Investments | B-12 | 30000 |
| | Total Investments | | 30000 |
| | Current Assets,Loans and Advances | | |
| 430000000 | stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 986555 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 1592431.89 |
| 460000000 | Loans, Advances and Deposits | B-18 | 108093 |
| | Total Current Assets,Loans and Advances | | 2687079.89 |
| | TOTAL ASSETS | | 34565135.89 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.